"ഭരണഭാഷ - മാതൃഭാഷ"

S4/102532/M.N.S./F/2014-15/Coll.Edn

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി:25/09/2014

## വിജ്ഞാപനം

2014-മാർച്ചിൽ എസ്.എസ്.എൽ.സി.,+1എച്ച്.എസ്.സി., +1 വി.എച്ച്.എസ്.സി./ഡിഗ്രി (ഒന്നാം വർഷം ആർട്സ് ആന്റ് സയൻസ് കോളേജുകൾ മാത്രം) എന്നിവയിൽ ഏതിലെങ്കിലും ഒന്നാം വർഷം (സർക്കാർ,എയ്ഡഡ് സ്ഥാപനങ്ങളിൽ) തുടർന്ന് പഠിക്കുന്ന പിന്നോക്കസമുദായങ്ങളിലെയും,ദാരിദ്ര്യരേഖക്ക് താഴെ വരുമാനമുള്ള മുന്നോക്ക സമുദായങ്ങളിലെയും,കേരളത്തിൽ സ്ഥിരതാമസമാക്കിയവരുമായ വിദ്യാർത്ഥിനികളിൽ നിന്നും മുസ്ലിം/നാടാർ ഗേൾസ് സ്കോളർഷിപ്പിന് ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ **www.dcescholarship.kerala.gov.in** ൽ **Muslim/Nadar Scholarship (MNS)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **19/11/2014** തീയതി മുതൽ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാം.

### 1. യോഗ്യതകൾ:

- 2014 മാർച്ച് /ഏപ്രിൽ എസ്.എസ്.എൽ.സി.യോ ,തത്തുല്യ പരീക്ഷയോ/ഹയർ സെക്കണ്ടറി പരീക്ഷയോ പാസായിരിക്കണം.
- അപേക്ഷകർ 2014 -15 അദ്ധ്യയന വർഷത്തിൽ +1 നോ, +1 വി.എച്ച്.എസ്.സി. അല്ലെങ്കിൽ ഡിഗ്രി ഒന്നാം വർഷത്തിലോ കേരളത്തിലെ സർക്കാർ/സർക്കാർ അംഗീകൃത സ്കൂളുകളിലോ, കോളേജുകളിലോ ചേർന്ന് പഠിക്കുന്നവർ ആയിരിക്കണം.

**2) സ്കോളർഷിപ്പ് തുക:**

വി.എച്ച.എസ്.എസി., എച്ച്.എസ്.സി., ഡിഗ്രി എന്നീ തലത്തിലുള്ളവർക്ക് പ്രതിവർഷം 125/-രൂപയാണ് സ്കോളർഷിപ്പ് തുക.

**3)വരുമാന പരിധി:-**

18,000/-രൂപ (പ്രതി വർഷം)

**4) ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ**

- അപേക്ഷകർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (എസ്.ബി.റ്റി.), എസ്.ബി.ഐ., ഫെഡറൽ ബാങ്ക് , സൗത്ത് ഇന്ത്യൻ ബാങ്ക്, കാനറാ ബാങ്ക്, ഐ.ഒ.ബി.(ഇന്ത്യൻ ഓവർസീസ് ബാങ്ക്) എന്നിവയിൽ ഏതിലെങ്കിലും സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
- ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം. ആധാർ നമ്പർ ലഭിച്ചിട്ടില്ലെങ്കിൽ ഇ.ഐ.ഡി.(എൻറോൾമെന്റ് ഐ.ഡി.) നമ്പർ നൽകിയാലും മതിയാകും.
- മറ്റ് ഏതെങ്കിലും സ്കോളർഷിപ്പോ/ഫീസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.
- വിദ്യാർത്ഥിനി കേരളത്തിലെ സ്ഥിരതാമസക്കാരി ആയിരിക്കണം

**5) അപേക്ഷിക്കേണ്ട രീതി:-**

(എ) അപേക്ഷകൾ ഓൺലൈനായി**19/11/2014** മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി

1) www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ **muslim/nadar scholarship (MNS)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) Apply online- ൽക്ലിക്ക് ചെയ്യുക

3) മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ രജിസ്ട്രേഷൻ ഐ.ഡി. നൽകി candidate login ചെയ്യുക.

4) അല്ലെങ്കിൽ New registration-ൽ ക്ലിക്ക് ചെയ്ത് submit ചെയ്യുക.

5) സ്കോളർഷിപ്പ് പേജിൽ MNS എന്ന Tab-ൽ ക്ലിക്ക് ചെയ്യുക.

6) കുടുംബവാർഷിക വരുമാനം പൂരിപ്പിക്കുക

7) നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക.

(ബി)Online-ലൂടെ അപേക്ഷ നൽകിയതിനുശേഷംView / Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

1. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം 5 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥിനി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

2. വിദ്യാർത്ഥിനി സമർപ്പിക്കുന്ന രേഖകളും , രജിസ്ട്രേഷൻ പ്രിന്റൌട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/ യൂണിവേഴ്സിറ്റി കളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്. **(വെരിഫിക്കേഷൻ )**

3. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി പ്രിൻസിപ്പാളോ / യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ ) ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. **(അപ്രൂവൽ)**

4. ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് ഇവ വിധേയമാക്കേണ്ടതാണ്.

## 5) സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ:

1. അപേക്ഷകയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്
2. എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ്.
3. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ( ഒറിജിനൽ)
4. അപേക്ഷകയുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര് , അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ് , ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം.)
5. വരുമാന സർട്ടിഫിക്കറ്റ് (ഒറിജിനൽ)

6) ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ ബി.പി.എൽ.സർട്ടിഫിക്കറ്റ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)പകർപ്പ്, ദാരിദ്ര്യരേഖക്ക് താഴെയുള്ള മുന്നോക്കസമുദായത്തിലെ വിദ്യാർത്ഥിനികൾക്ക് മാത്രം)

7) പിന്നോക്കസമുദായങ്ങളിലെ വിദ്യാർത്ഥിനികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം.(ഒറിജിനൽ)

**7) തെരെഞ്ഞെടുപ്പ് രീതി**

1) 18,000/-രൂപ വരുമാന പരിധി കവിയാത്ത മുഴുവൻ അപേക്ഷകളും പരിഗണിക്കും.

2) പിന്നോക്ക സമുദായങ്ങളിലെയും ദാരിദ്ര്യരേഖക്ക് താഴെ വരുമാനമുള്ള മുന്നോക്കസമുദായങ്ങളിലെയും കേരളത്തിൽ സ്ഥിരതാമസമാക്കിയ 2014 –15 സാമ്പത്തികവർഷത്തിൽ സർക്കാർ/എയ്ഡഡ് /ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി , ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയവരുമായ പെൺകുട്ടികളെ പരിഗണിക്കും.

**8) അവസാന തീയതികൾ :**

1. ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി:

**15/01/2015**

2. ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി:**20/01/2015**

3. സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി

അപ്രൂവൽ നൽകേണ്ട തീയതി: **30/01/2015**

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

എ.എം.(26-08-2014)